പി.റ്റി.പി. നഗറിലുള്ള ഫോറസ്റ്റ് ക്വാർട്ടേഴ്സ് അനധികൃതമായി അനുവദിച്ചതായുള്ള പരാതി

68 (2781) ശ്രീ. എൻ. ആർ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് പി.റ്റി.പി. നഗറിലുള്ള ഫോറസ്റ്റ് ക്വാർട്ടേഴ്സ് സെക്രട്ടേറിയറ്റ് ജീവനക്കാരന് അനുവദിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്നാണ് ക്വാർട്ടേഴ്സ് അനുവദിച്ചത്; അനുവദിക്കാനുണ്ടായ കാരണം വ്യക്തമാക്കാമോ ;

(സി) വനം വകുപ്പിലെ ജീവനക്കാർ എത്ര പേർ നിലവിൽ ക്വാർട്ടേഴ്സിനുള്ള അപേക്ഷ നൽകിയിട്ടുണ്ട് ;

(ഡി) അനധികൃതമായി അനുവദിച്ച ക്വാർട്ടേഴ്സ് ഒഴിപ്പിച്ച് അർഹരായവർക്ക് ക്വാർട്ടേഴ്സ് അനുവദിക്കുന്നതിന് വേണ്ട അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ക്വാർട്ടേഴ്സ് അനുവദിച്ചത് 28-7-1997-ലാണ്. സെക്രട്ടറിയേറ്റിലെ നിയമവകുപ്പിലെ ജീവനക്കാരനായ ശ്രീ.ജി. മോഹനൻ പിള്ള 1995 ആഗസ്റ്റ് മാസം മുതൽ 7-6-1999 വരെ വനം വകുപ്പിലെ നിയമവിഭാഗത്തിൽ ഡെപ്യൂട്ടേഷനിൽ ജോലി നോക്കിയിരുന്നപ്പോഴാണ് ക്വാർട്ടേഴ്സ് അനുവദിച്ച് നൽകിയത്.

(സി) 45 ജീവനക്കാരുടെ അപേക്ഷ നിലവിലുണ്ട്.

(ഡി) അനധികൃതമായി ആർക്കും ക്വാർട്ടേഴ്സ് അനുവദിച്ചിട്ടില്ല.

12-12-1996-ലെ റിട്ട്പെറ്റീഷൻ (സിവിൽ) നമ്പർ 202/95 കേസിലെ സുപ്രീം കോടതി വിധി

69 (2782) ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 12-12-1996-ലെ റിട്ട് പെറ്റീഷൻ (സിവിൽ) നമ്പർ 202/95 കേസിലെ സുപ്രീം കോടതിവിധി അനുസരിച്ച് വനഭൂമിയിൽ നടന്നുവരുന്ന എല്ലാ വനേതര പ്രവർത്തനങ്ങളും നിറുത്തിവയ്ക്കാൻ ഉത്തരവ് നൽകിയിട്ടുണ്ടോ ;

(ബി) വനാതിർത്തിക്കുള്ളിൽ നിന്നും മണൽ വാരുന്നത് നിയമവിരുദ്ധ മാണെന്ന് 1998 ആഗസ്റ്റ് മാസം 7-ാം തീയതി അഡ്വക്കേറ്റ് ജനറൽ സർക്കാരിന് നിയമോപദേശം നൽകിയിട്ടുണ്ടോ ;

(സി) ഈ നിയമോപദേശവും സുപ്രീം കോടതി വിധിയും കേന്ദ്രനിയമവും നിലവിലുള്ളപ്പോൾ 23-3-1998-ലെ നൗഷാദ്ഖാന്റെ അപേക്ഷയിൻമേലും 23-4-1998-ലെ കെ. സി. രവീന്ദ്രന്റെ അപേക്ഷയിൻമേലും വനഭൂമിയിൽ കൂടി

LIBRARY ARCHIVES Kerala Legislative Assembly